പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2690

17.10.2016-ൽ മറുപടിയ്ക്ക്.

## 'സോഫ്റ്റ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് വോളണ്ടിയർമാരുടെ 'സോഫ്റ്റ്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;<br><br>(സി) വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം വൈദ്യസഹായമാണ് പദ്ധതിയനുസരിച്ച് നൽകുന്നത് ; | (എ) & (ബി) & (സി) കേരള പോലീസ് നടപ്പിലാക്കി വരുന്ന 'ശുഭയാത്ര' പദ്ധതിയുടെ ഭാഗമായി, കേരളത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് 'സോഫ്റ്റ്' ( SOFT – **Save Our Fellow Travellers)** എന്നറിയപ്പെടുന്ന സന്നദ്ധ സേവകരുടെ ഒരു ഗ്രൂപ്പ്/കൂട്ടായ്മ പോലീസ് വകുപ്പ് രൂപവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് എത്രയും വേഗം പ്രാഥമിക ശുശ്രൂഷ നൽകുകയും, അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് SOFT എന്ന കൂട്ടായ്മയിലൂടെ വിഭാവനം ചെയ്യുന്നത്.<br>അതിവേഗം പ്രാഥമിക ശുശ്രൂഷ നൽകുന്നത് വഴി പരിക്കിന്റെ കാഠിന്യം പതിൻമടങ്ങ് ലഘൂകരിക്കുകയും , മരണം പരമാവധി ഒഴിവാക്കാനും സാധിക്കുന്നു. റോഡപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് കുറ്റമറ്റ പ്രാഥമിക ശുശ്രൂഷയും മെച്ചപ്പെട്ട വൈദ്യസഹായവും ഉറപ്പാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പരിശീലനം ലഭിച്ച ഒരു കൂട്ടം വ്യക്തികളെ (സന്നദ്ധ സേവകരെ) വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ഡി) | ഈ പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കി വരുന്നത്? | (ഡി) | ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം സിറ്റിയിലെ പോലീസ് സർക്കിളുകളിൽ നിന്നും തിരഞ്ഞെടുത്തവർക്ക് പരിശീലനം നൽകി കഴിഞ്ഞു. തിരുവനന്തപുരം (റൂറൽ) പോലീസ് സർക്കിളുകളിലെ പരിശീലന പരിപാടികൾ നടന്നു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ